K21U 6773

Reg. No. : ................................

Name : ....................................

BOSCO ARTS AND SCIENCE COLLEGE LIBRARY

## I Semester B.S.W./B.C.A./B.Sc. LRP/B.M.M.C. Degree (C.B.C.S.S. – O.B.E.- Regular/Supplementary/Improvement) Examination, November 2021
## (2019 Admission Onwards)
## ADDITIONAL COMMON COURSE IN MALAYALAM
## 1A 07-2MAL : സാഹിത്യഗണങ്ങൾ

Time : 3 Hours                                                Max. Marks : 40

I. താഴെ തന്നിരിക്കുന്ന **4** ചോദ്യങ്ങളിൽ നിന്ന് **രണ്ടെണ്ണത്തിന്** **300** വാക്കിൽ കവിയാതെ ഉത്തരമെഴുതുക. **(2×7=14)**

1) ചോറൂണ് എന്ന കവിതയ്ക്കൊരു ആസ്വാദനം തയ്യാറാക്കുക.

2) 'ഒരു സ്വാദുനോട്ടക്കാരന്റെ ഭക്ഷണ പര്യവേഷണങ്ങൾ' എന്ന നോവലിനെ മുൻനിർത്തി ഭക്ഷണത്തിന്റെ രാഷ്ട്രീയം വിശകലനം ചെയ്യുക.

3) കേവലമൊരു വിനോദോപാധി എന്നതിലുപരി വിധേയത്വത്തിന്റെ രാഷ്ട്രീയം സൂക്ഷ്മമായവതരിപ്പിക്കുന്ന സിനിമയാണ് 'പൊന്തൻമാട'. വിമർശനദൃഷ്ട്യാ പരിശോധിക്കുക.

4) യാത്രകളും ഇസ്ലാം മതദർശനവും സ്വാതന്ത്ര്യസമരവും ബഷീർകൃതി കളിൽ നടത്തിയ സ്വാധീനം 'ബഷീർ – സന്യാസം, വിപ്ലവം, ജീവിതം' എന്ന ലേഖനത്തെ മുൻനിർത്തി വിശകലനം ചെയ്യുക.

II. താഴെ തന്നിരിക്കുന്ന **6** ചോദ്യങ്ങളിൽ നിന്ന് **നാലെണ്ണത്തിന്** **150** വാക്കിൽ കവിയാതെ ഉത്തരമെഴുതുക. **(4×3=12)**

5) കണ്ണേറുതട്ടാതിരിക്കാൻ വയലിൽ കുത്തിനിർത്തുന്ന വൈക്കോൽപ്പാവയാണ് സ്ത്രീ – ലോപയുടെ കവിതയെ മുൻനിർത്തി ഈ നിരീക്ഷണം ചർച്ച ചെയ്യുക.

6) നാളെ ഒരു പക്ഷേ വാളും കുന്തവുമായി ഞാനും പച്ചജീവനോടെ മനുഷ്യനെ കൊല്ലാൻ പോയേക്കാമെന്ന് പ്രശാന്തൻ ചിന്തിക്കാനിടയായ സാഹചര്യം വിശദീകരിക്കുക.

P.T.O.

7) പങ്ക്‌കശാപ്പ് ജാതിമതാതീതമായ കൂട്ടായ്മയെ പ്രതിഫലിപ്പിക്കുന്ന ചടങ്ങായി മാറുന്നതെങ്ങനെ ? വിശകലനം ചെയ്യുക.

8) സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട ബഷീറിന്റെ അനുഭവങ്ങൾ ക്രോഡീകരിക്കുക.

9) പഴയരുചികളുടെ ഓർമകൾ ഒരാളുടെ വ്യക്തിത്വത്തിന്റെ അടയാളങ്ങളാണ്. 'ഒരു സ്വാദുനോട്ടക്കാരന്റെ ഭക്ഷണ പര്യവേഷണങ്ങൾ' എന്ന നോവലിലെ ഈ വാക്യത്തിന്റെ പ്രസക്തി വിവരിക്കുക.

10) തോൽവികളാണ് വൈലോപ്പിള്ളിക്ക് മോക്ഷങ്ങൾ എന്നു പറയാൻ കാരണമെന്ത് ?

III. താഴെ തന്നിരിക്കുന്ന **6** ചോദ്യങ്ങളിൽ നിന്ന് **നാലെണ്ണ**ത്തിന് **100** വാക്കിൽ കവിയാതെ ഉത്തരമെഴുതുക. **(4×2=8)**

11) "പരനിന്ദ വീശുന്ന വാളിനാൽ ച്ചൂളിപ്പോകാ,
പരകോടിയിൽ ചെന്ന പാവനദിവ്യസ്നേഹം" – സന്ദർഭവും ആശയവും വിശദീകരിക്കുക.

12) "തിരുമ്മിയടച്ചതു നീതിതൻ മിഴിയല്ലോ
തഴുതിട്ടതോ, സ്നേഹ –
നീലമാം കലവറ" – സന്ദർഭവും ആശയവും വിശദീകരിക്കുക.

13) 'പൊന്തൻമാട'യെന്ന സിനിമയിലെ മാടയുടെ ശരീരഭാഷയുടെ പ്രത്യേകത വിവരിക്കുക.

14) 'പ്രേമലേഖനം' എന്ന നോവൽ കേരളീയ സമൂഹത്തിലുണ്ടാക്കിയ വിവാദങ്ങൾ വിവരിക്കുക.

15) തോമാച്ചന്റെ വീട്ടിൽ ചെല്ലാൻ സമയം തെരഞ്ഞെടുത്തതിനെപ്പറ്റി കൊച്ചുമ്മച്ചൻ സ്വയം പഴിച്ചതെന്തുകൊണ്ട് ?

16) ഭക്ഷണവുമായി ബന്ധപ്പെട്ട സമകാലീന വിവാദങ്ങളുമായി ബന്ധിപ്പിച്ച് പങ്കുകശാപ്പിന്റെ പരാജയകാരണം വിശകലനം ചെയ്യുക.

IV. താഴെ തന്നിരിക്കുന്ന **6** ചോദ്യങ്ങളിൽ നിന്ന് **നാലെണ്ണത്തിന്** ചെറു കുറിപ്പുകൾ തയ്യാറാക്കുക. **(4×1.5=6)**

17) കുറിപ്പെഴുതുക – കറുത്തചെട്ടിച്ചികൾ.

18) പൊറത്താരെയും എനിക്കു പേടിയില്ല – പിന്നെയാരെയാണ് അവൾ ഭയപ്പെടുന്നത് ? കാരണമെന്ത് ?

19) തന്റെ ബന്ധുക്കളുടെ ലോകം ഇത്രചെറുതായിപ്പോയല്ലോ എന്ന് കൊച്ചുമ്മച്ചൻ ചിന്തിക്കാൻ കാരണമെന്ത് ?

20) 'വിരുന്നുകാരൻ' എന്ന കവിതയിലെ ഇതിവൃത്തം എന്താണ് ?

21) ഉന്മാദാനുഭൂതിയെ ബഷീർ എങ്ങനെയാണ് ആവിഷ്ക്കരിച്ചിരിക്കുന്നത് ?

22) ബഷീറിൽ ദേശീയബോധം ഉണർത്താൻ നിമിത്തമായ പാട്ടുകളേവ ?